**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 164** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>പൊതുവിതരണ രംഗത്തെ ഇടപെടലുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** സാധാരണക്കാരുടെ വർദ്ധിച്ചുവരുന്ന ജീവിതച്ചെലവ് നിയന്ത്രിക്കുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്ന 43,68,030 കുടുംബങ്ങൾക്ക് ന്യായവിലകടകൾ വഴി സൗജന്യ നിരക്കിൽ ഭക്ഷ്യധാന്യങ്ങളും, മുൻഗണനേതര വിഭാഗമായ NPS കാർഡിന് സബ്‌സിഡി നിരക്കിലും, NPNS, NPI എന്നീ കാർഡുകൾക്ക് പ്രതിമാസം ഒരു നിശ്ചിത അളവിൽ ഭക്ഷ്യ ധാന്യങ്ങൾ കിലോഗ്രാമിന് 10.90/- രൂപ എന്ന നിരക്കിൽ വിതരണം ചെയ്തു വരുന്നു. വിലക്കയറ്റം ഫലപ്രദമായി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി, പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് ജില്ല/താലൂക്ക് തലങ്ങളിൽ പൊതു വിപണിയിൽ പതിവായി പരിശോധന നടത്തി ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. വിപണിയിലെ വിലനിലവാരം പഠിക്കുന്നതിനും സർക്കാരിന് നയപരമായ ശുപാർശകൾ നല്കുന്നതിനുമായി Centre for Price Research Kerala പ്രവർത്തിച്ചുവരുന്നു. കൂടാതെ, അവശ്യവസ്തുക്കളുടെ വില നിരീക്ഷണത്തിനും, വില ശേഖരണത്തിനും വേണ്ടി ഒരു Price Monitoring Cell സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. വിപണി ഇടപെടലുമായി ബന്ധപ്പെട്ട സർക്കാരിന്റെ നയ രൂപീകരണത്തിനായി 14 ജില്ലകളിൽ നിന്നും വിപണി വില ശേഖരിച്ച് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ സഹായത്തോടെ സർക്കാരിന് ശുപാർശകൾ സമർപ്പിക്കുന്നു. സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി ഒരു സംസ്ഥാനതല കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ജില്ല കളക്ടർ, പൊതുവിതരണ ഉപഭോക്തൃകാര്യ, കൃഷി വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ എല്ലാ മാസവും യോഗം ചേർന്ന് വിപണി സാഹചര്യം വിലയിരുത്തുകയും റിപ്പോർട്ട് ഭക്ഷ്യ പൊതുവിതരണ വകുപ്പ് കമ്മീഷണർ മുഖേന കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയും ചെയ്തു വരുന്നു. അനിയന്ത്രിതമായ വിലക്കയറ്റം തടയുന്നതിന് വേണ്ടി വിപണി ഇടപെടലിന്റെ ഭാഗമായി സപ്ലൈകോ മുഖേനയും പദ്ധതികൾ നടപ്പിലാക്കുന്നു.

- 13 ഇനം അവശ്യ സാധനങ്ങളുടെ സബ്‌സിഡി നിരക്കിലുള്ള വിൽപ്പന: പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വിൽപനശാലകൾ വഴി 13 ഇനം അവശ്യ സാധനങ്ങൾ 20% മുതൽ 35% വരെ വിലക്കുറവിൽ സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻകാർഡുകാർക്കും നിശ്ചിത അളവിൽ വിതരണം ചെയ്യുന്നു. നിലവിൽ പ്രതിമാസം കുറഞ്ഞത് 30ലക്ഷത്തോളം കുടുംബങ്ങൾക്ക് ഈ സബ്‌സിഡി സ്കീം വഴി പ്രയോജനം ലഭിക്കുന്നുണ്ട്.

- സബ്സിഡി സാധനങ്ങൾക്ക് പുറമെ 20കിലോ OMSS അരി കിലോയ്ക്ക് 27 രൂപ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്.

- FSSR നിരക്കിലുള്ള വിൽപ്പന: സബ്സിഡി നിരക്കിൽ നിശ്ചിത അളവിലുള്ള വിൽപ്പനയ്ക്ക് പുറമേ അരിയും പയറുവർഗ്ഗങ്ങളും ഉൾപ്പടെ 41 ഇനം സാധനങ്ങൾ 10% മുതൽ 30% വരെ വിലക്കുറവിൽ (FSSR നിരക്കിൽ) ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. ഈ നിരക്കിൽ വാങ്ങുന്നതിന് റേഷൻകാർഡ് ആവശ്യമില്ല.

- സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ കർശന പരിശോധനകൾക്ക് ശേഷം പൊതുവിപണിയേക്കാൾ 20% മുതൽ 30% വരെ വിലക്കുറവിൽ വിറ്റുവരുന്നു. ശബരി ബ്രാൻഡിൽ കൂടുതൽ ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

- സപ്ലൈകോ മെഡിക്കൽ ഷോപ്പുകൾ വഴി ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ കുറഞ്ഞ വിലയിൽ വിതരണം ചെയ്യുന്നുണ്ട്. ഇൻസുലിൻ MRPയിൽ നിന്ന് 20% മുതൽ 24% വരെ വിലക്കുറവിലും മറ്റു മരുന്നുകൾ MRP യിൽനിന്ന് 13% മുതൽ 25% വരെ വിലക്കുറവിലും വിൽപ്പന നടത്തിവരുന്നു. ഓരോ പ്രദേശത്തെയും ആവശ്യകത കണക്കിലെടുത്ത് കൂടുതൽ ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**(ബി)** അർഹതയുള്ള എല്ലാ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള അവശ്യസാധനങ്ങളുടെ കൃത്യസമയത്തുള്ള മതിയായ വിതരണം ലക്ഷ്യമിട്ട് പൊതുവിതരണ സംവിധാനത്തിൽ നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ;

**<u>മറുപടി:</u>** അർഹതയുള്ള എല്ലാ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള അവശ്യസാധനങ്ങൾ കൃത്യസമയത്തും മതിയായ അളവിലും ലഭ്യമാക്കുന്നതിനായി ദേശീയ ഭക്ഷ്യ ഭദ്രത നിയമം, 2013 പ്രകാരവും സംസ്ഥാന പദ്ധതികൾ പ്രകാരവും അനുവദിക്കപ്പെടുന്ന ഭക്ഷ്യധാന്യങ്ങളുടെയും മറ്റ് അവശ്യ സാധനങ്ങളുടെയും സംഭരണവും വിതരണവും ഉറപ്പുവരുത്തുന്നുണ്ട്. റേഷൻ കടകളിലേക്കുള്ള ചരക്കുനീക്കം സമയ ബന്ധിതമായി നടത്തുന്നതിനും വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വികരിച്ചിട്ടുണ്ട്. ഇ-പോസ് (e-PoS) സംവിധാനം മുഖേന സുതാര്യവും കാര്യക്ഷമവുമായ വിതരണം ഉറപ്പുവരുത്തുന്നുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സംഭരണകേന്ദ്രങ്ങളിലും വിതരണ ഘട്ടങ്ങളിലും പരിശോധനകൾ നടത്തിവരുന്നു. പൊതുവിതരണ സംവിധാനത്തിന്റെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി വിവിധ തലങ്ങളിൽ പരിശോധനകളും അവലോകന യോഗങ്ങളും നടത്തിവരുന്നു. പരാതികൾ പരിഹരിക്കുന്നതിനായി പരാതിപരിഹാര സംവിധാനങ്ങളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, പ്രകൃതിദുരന്തങ്ങൾ, വിലക്കയറ്റം തുടങ്ങിയ പ്രത്യേക സാഹചര്യങ്ങളിൽ ആവശ്യമായ അധിക ഇടപെടലുകൾ സ്വീകരിച്ചും പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തിയും അർഹരായ ഗുണഭോക്താക്കൾക്ക് തടസ്സരഹിതമായ വിതരണം ഉറപ്പാക്കിവരുന്നു.

**(സി)** അവശ്യവസ്തുക്കളുടെ കൃത്രിമ വിലക്കയറ്റം, പൂഴ്ത്തിവയ്പ്, കരിഞ്ചന്ത എന്നിവ തടയുന്നതിനായി പൊതുവിപണിയിൽ വില നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. വിപണിയിലെ വിലനിലവാരം പഠിക്കുന്നതിനും സർക്കാരിന് നയപരമായ ശുപാർശകൾ നല്കുന്നതിനുമായി Centre for Price Research Kerala പ്രവർത്തിച്ചുവരുന്നു. കൂടാതെ അവശ്യവസ്തുക്കളുടെ വില നിരീക്ഷണത്തിനും, വില ശേഖരണത്തിനും വേണ്ടി ഒരു Price

Monitoring Cell സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. അവശ്യസാധനങ്ങളുടെ കരിഞ്ചന്ത പൂഴ്ത്തിവെപ്പ് എന്നിവ തടയുന്നതിനായി ശക്തമായ പരിശോധനകൾ നടത്തുന്നതിന് എൻഫോഴ്‌സ്‌മെന്റ് സംവിധാനവും പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിനുണ്ട്.

**(ഡി)** ഉപഭോക്തൃ സംരക്ഷണം ലക്ഷ്യമിട്ട് ഏർപ്പെടുത്തിയിട്ടുള്ള പരാതി പരിഹാര സംവിധാനങ്ങളുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ;

**മറുപടി:** ഉണ്ട്. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും 14 ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനുകളിലും സമർപ്പിക്കപ്പെടുന്ന പരാതികളുടെ എണ്ണം, തീർപ്പാക്കുവാൻ അവശേഷിക്കുന്ന പരാതികളുടെ എണ്ണം എന്നിവയുടെ അവലോകനങ്ങളിലൂടെയും തീർപ്പാക്കൽ വേഗത, ഉപഭോക്തൃ സംതൃപ്തി എന്നിവയുടെ പരിശോധനകളിലൂടെയും ഡിജിറ്റൽ സംവിധാനങ്ങളുടെ ഉപയോഗത്തിലൂടെയും കാര്യക്ഷമത വിലയിരുത്തുന്നുണ്ട്.

**(ഇ)** സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളുടെയും റേഷൻ കടകളുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിലൂടെ സേവന വിതരണം കൂടുതൽ പ്രാപ്യവും ഫലപ്രദവുമാക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

**മറുപടി:** ഒറ്റപ്പെട്ട മലയോര പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് അവർക്ക് അർഹതപ്പെട്ട റേഷൻ സാധനങ്ങൾ ചൂഷണത്തിന് വിധേയമാകാതെ അവരുടെ താമസസ്ഥലങ്ങളിൽ നേരിട്ട് എത്തിക്കുന്നതിനായിയുള്ള പദ്ധതിയാണ് "സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി". ടി പദ്ധതി നിലവിൽ 10 ജില്ലകളിലായി 20 താലൂക്കുകളിൽ 147 ആദിവാസി ഉന്നതികളിൽ നടപ്പിലാക്കിയിട്ടുണ്ട്. തീരപ്രദേശങ്ങളിലും മലയോര ആദിവാസി മേഖലകളിലും അവശ്യ സാധനങ്ങൾ എത്തിക്കുന്നതിനായി മൊബൈൽ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ കേരളത്തിലെ എല്ലാ ജില്ലകളിലും മൊബൈൽ വിൽപ്പനശാലകൾ വഴി 13 ഇനം സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യ വസ്തുക്കൾ ന്യായമായ നിരക്കിൽ വിതരണം ചെയ്തു വരുന്നു. സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളുടെയും റേഷൻ കടകളുടെയും എണ്ണം വർദ്ധിപ്പിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**